# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 33/2018(65), ചൊവ്വാഴ്ച** — **തീയ്യതി 14.08.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച വെള്ളാനിക്കരയിൽ 234.5 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 28.3 മുതൽ 30.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.5 മുതൽ 22.8 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 95 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 78 മുതൽ 92 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.0 മുതൽ 2.5 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 2.2 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.5 മുതൽ 2.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 15.08.2018 | 16.08.2018 | 17.08.2018 | 18.08.2018 | 19.08.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 30 | 25 | 18 | 22 | 22 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട്സ്) | 8 | 8 | 8 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.**
**വരും ദിവസങ്ങളിൽ തൃശ്ശൂർ ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| തെങ്ങ് | - | കൂമ്പുചീയൽ | തുടർച്ചയായ മഴ മൂലം, തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയു്. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കൂമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം. |
| വാഴ | കുലച്ച പരുവം | ഇലപ്പുള്ളി രോഗം | മഴക്കാലമായതിനാൽ വാഴയിൽ കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 1 മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ (പയർ) | കായ്ക്കുന്ന പരുവം | വാട്ടരോഗം, വേരുചീയൽ | തുടർച്ചയായ മഴയും വെള്ളക്കെട്ടും മൂലം പച്ചക്കറികളിൽ വാട്ടരോഗത്തിനു സാധ്യതയു്. വാട്ട രോഗത്തെ നിയന്ത്രിക്കാൻ 1.5 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലും വേരുചീയൽ രോഗത്തെ നിയന്ത്രിക്കുന്നതിനായി 1 ഗ്രാം കാർബന്റാസിം അല്ലെങ്കിൽ 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലും മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| മൃഗസംരക്ഷണം | തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കൊതുകു മുട്ടയിട്ടു പെരുകുന്നത് തടയുന്നതിന് വേ മുൻകരുതലുകൾ എടുക്കുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |